# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-1971** **11.02.2020-ലെ മറുപടിക്ക്**

### നോർക്കയുടെ സേവനങ്ങൾ

| ചോദ്യം<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) നോർക്കയുടെ ആഭിമുഖ്യത്തിൽ ലഭ്യമാക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) നോർക്കയുടെ ആഭിമുഖ്യത്തിൽ നോർക്ക റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമബോർഡ് എന്നിവ മുഖേന ലഭ്യമാക്കുന്ന സേവനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം-1** ആയി ചേർക്കുന്നു. |
| (ബി) പ്രസ്തുത സേവനങ്ങൾ ആർക്കൊക്കെയാണ് ലഭിക്കുന്നതെന്നും ആയതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | (ബി) പ്രസ്തുത സേവനങ്ങൾ ലഭിക്കുന്നത് ആർക്കൊക്കെ എന്നും, ആയത് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നുമുള്ള വിശദാംശങ്ങൾ **അനുബന്ധം-2** ആയി ചേർക്കുന്നു. |
| (സി) പ്രസ്തുത സേവനങ്ങൾ ലഭ്യമാകാൻ വിദേശങ്ങളിലും നാട്ടിലും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) നോർക്ക റൂട്ട്സ് മുഖേനയുള്ള സേവനങ്ങൾ സംബന്ധിച്ച് വിവരങ്ങൾ **അനുബന്ധം-3** ആയി ചേർക്കുന്നു.<br>കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ നിന്നും ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ആയതിലേക്കായുള്ള അപേക്ഷാ ഫോമുകളിൽ നിശ്ചിത രേഖകൾ സഹിതം ഓഫീസിൽ ലഭ്യമാക്കേണ്ടതുണ്ട്. അപേക്ഷാ ഫോമുകൾ ബോർഡ് ഓഫീസുകളിലും വെബ്സൈറ്റുകളിലും ലഭ്യമാണ്. അംഗത്വത്തിന് ലോകത്തിന്റെ ഏതു ഭാഗത്തുനിന്നും ഓൺലൈനായി അപേക്ഷിച്ച് ക്ഷേമനിധി അംഗത്വമെടുക്കാവുന്നതാണ്. വിവിധ ബാങ്കുകളിലും അംഗത്വത്തിനുള്ള ഫീസും അംശദായവും അടയ്ക്കുന്നതിനുള്ള സൗകര്യങ്ങളുണ്ട്. അംഗങ്ങൾക്ക് അംശദായം അക്ഷയകേന്ദ്രങ്ങളിൽ കൂടിയും |

അടയ്ക്കാവുന്നതാണ്.

(ഡി) നോർക്കയുടെ ഓഫീസുകൾ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ടോയെന്നും അവിടുങ്ങളിലുള്ള സ്റ്റാഫടക്കമുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) നോർക്ക-റൂട്ട്സിന്റെ ഓഫീസ് സംബന്ധിച്ച വിവരം **അനുബന്ധം-4** ആയി ചേർക്കുന്നു.

കേരള പ്രവാസി കേരളീയ ക്ഷേമബോർഡിന് തിരുവനന്തപുരത്ത് ഹെഡ് ഓഫീസും എറണാകുളത്തും കോഴിക്കോട്ടും ഓരോ റീജിയണൽ ഓഫീസും മലപ്പുറത്ത് ഒരു ലെയ്സൺ ഓഫീസും ഉണ്ട്. ഹെഡ് ഓഫീസിൽ 25 പേരും, എറണാകുളം ഓഫീസിൽ 4 പേരും, കോഴിക്കോട് ഓഫീസിൽ 5 പേരും, മലപ്പുറം ഓഫീസിൽ 2 പേരും സേവനമനുഷ്ഠിച്ചുവരുന്നു.

(ഇ) നോർക്കയിൽ നിന്ന് ലഭ്യമാകുന്ന സേവനങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിന് എന്തൊക്കെ പരിപാടികളാണ് ആവിഷ്കരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

(ഇ) തീയറ്റർ പരസ്യം, എഫ്.എം. റേഡിയോ, പത്രമാധ്യമങ്ങൾ എന്നിവ മുഖാന്തിരവും, പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമിലൂടെയും നോർക്ക-റൂട്ട്സിന്റെ സേവനങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം നൽകി വരുന്നുണ്ട്.

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് പ്രവാസികൾക്കായി നടപ്പിലാക്കി വരുന്ന ക്ഷേമപദ്ധതികളെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി കേരളത്തിനകത്തും പുറത്തും നിരവധി ബോധവത്ക്കരണ പരിപാടികളും അദാലത്തുകളും വിവിധ പ്രവാസി സംഘടനകളുടെ സഹകരണത്തോടെ ബോർഡ് നടപ്പിലാക്കിവരുന്നുണ്ട്. പ്രവാസി കേരളീയർ കൂടുതലായി കാണപ്പെടുന്ന ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും ഇന്ത്യയ്ക്ക് പുറത്ത് മറ്റ് രാജ്യങ്ങളിലും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ബോർഡ് നടപടി സ്വീകരിച്ചുവരികയാണ്.

സെക്ഷൻ ഓഫീസർ

# അനുബന്ധം - 1

## (1) നോർക്ക-റൂട്ട്സ് മുഖേന ലഭിക്കുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു

1) സാന്ത്വന
2) പ്രവാസി പുനരധിവാസ പദ്ധതി (എൻ.ഡി.പ്രേം)
3) നൈപുണ്യ പരിശീലന പദ്ധതി
4)നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റുകൾ, വിസ തട്ടിപ്പ് എന്നിവയെക്കുറിച്ചുള്ള ബോധവത്ക്കരണം, പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികൾ
5) നോർക്ക ഗ്ലോബൽ കോൺടാക്റ്റ് സെന്റർ (ജി.സി.സി)
6)നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്
7) പ്രവാസി ലീഗൽ അസിസ്റ്റന്റ് പദ്ധതി
8) നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി)
9) ജോബ് പോർട്ടൽ & റിക്രൂട്ട്മെന്റ്
10) എമർജൻസി റിപാടിയേഷൻ ഫണ്ട്.
11)നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ്
12) പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം
13) സർട്ടിഫിക്കറ്റ്അറ്റസ്റ്റേഷൻ
14) നോർക്ക റൂട്ട്സ് പ്രവാസി തിരിച്ചറിയൽ കാർഡ്
15) നോർക്ക ഫെയർ

## (2)കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന ലഭിക്കുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു

1) പെൻഷൻ
2) കുടുംബ പെൻഷൻ
3) അവശതാ പെൻഷൻ
4)മരണാനന്തര ധനസഹായം
5)ചികിത്സാ ധനസഹായം
6)വിവാഹ ധനസഹായം
7)പ്രസവാനുകൂല്യം
8)വിദ്യാഭ്യാസ ആനുകൂല്യം
9)പ്രവാസി ഡിവിഡന്റ് പദ്ധതി

സെക്ഷൻ ഓഫീസർ

# അനുബന്ധം – 2

## (1)നോർക്ക-റൂട്ട്സ് :-

| ക്രമ നം. | പദ്ധതി | ആർക്കൊക്കെ ലഭിക്കുന്നു | മാനദണ്ഡം |
|---|---|---|---|
| 1 | സാന്ത്വന | പ്രവാസ ജീവിതം കഴിഞ്ഞ് നാട്ടിൽ മടങ്ങിയെത്തിയ സാമ്പത്തികവും, ശാരീരികവുമായി അവശതയനുഭവിക്കുന്ന പ്രവാസി കുടുംബങ്ങൾക്ക് | 1) 2 വർഷം വിദേശത്ത് ജോലി ചെയ്തിരിക്കണം<br>2)നാട്ടിൽ തിരികെ യെത്തിയിട്ട് 10 വർഷം അധികരിക്കാൻ പാടില്ല. (തിരികെയെത്തിയിട്ട് വിദേശത്ത് ജോലി ചെയ്ത അത്രയും കാലയളവ് അല്ലെങ്കിൽ 10 വർഷം ഇതിൽ ഏതാണോ കുറവ് ആ സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിച്ചിരിക്കണം.<br>3)അപേക്ഷകന്റെ കുടുംബ വരുമാനം 1 ലക്ഷം രൂപയിൽ കൂടുതലാവാൻ പാടില്ല. |
| 2 | പ്രവാസി പുനരധിവാസ പദ്ധതി (എൻ.ഡി.പ്രേം) | തിരികെയെത്തുന്ന പ്രവാസികൾക്ക് | 1) 2 വർഷം വിദേശത്ത് ജോലി ചെയ്തിരിക്കണം<br>2)തിരികെ എത്തിയിട്ട് 6 മാസം കഴിഞ്ഞിരിക്കണം. |
| 3 | നൈപുണ്യ പരിശീലന പദ്ധതി | കേരളത്തിലെ തൊഴിൽ രഹിതരായ യുവതീ യുവാക്കൾക്ക് | അതത് കോഴ്സുകളിലേക്ക് നിശ്ചിത യോഗ്യതയുള്ളവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. |
| 4 | നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റുകൾ, വിസ തട്ടിപ്പ് എന്നിവയെക്കുറിച്ചുള്ള ബോധവത്ക്കരണം, പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികൾ | വിദേശ ജോലിക്ക് ശ്രമിക്കുന്നവർക്ക് | - |
| 5 | നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്റർ (ജി.സി.സി) | ലോകമെമ്പാടുമുള്ള പ്രവാസി മലയാളികൾക്ക് | - |
| 6 | നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ് | അസുഖബാധിതരായി നാട്ടിലേയ്ക്ക് മടങ്ങുന്ന വിദേശമലയാളികളെ അല്ലെങ്കിൽ വിദേശത്ത് മരണപ്പെടുന്ന മലയാളികളുടെ | 1)അന്യസംസ്ഥാനത്തോ വിദേശത്തോ നിൽക്കുന്ന പ്രവാസികളായിരിക്കണം<br>2)അസുഖബാധിതരായവരോ, |

| | | | |
|---|---|---|---|
| | | ഭൗതികശരീരം കേരളത്തിലെ ഏത് വിമാനത്താവളത്തിൽനിന്നും അവരുടെ വിട്ടിലേയ്ക്കോ അവർ ആവശ്യപ്പെടുന്ന ആശുപത്രിയിലേയ്ക്കോ സൗജന്യമായി എത്തിക്കുന്ന പദ്ധതിയാണ് നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്. | മരണപ്പെട്ടവരോ ആയിരിക്കണം. |
| 7 | പ്രവാസി ലീഗൽ അസിസ്റ്റന്റ് പദ്ധതി | നിയമസഹായം ലഭിക്കാതെ നിസ്സാര കേസുകളിൽ അകപ്പെട്ട് വിദേശ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് | 1) വിദേശത്ത് തൊഴിൽ/വിസിറ്റ് വിസയിൽ പോയിട്ടുള്ളവരായിരിക്കണം<br>2) തന്റേതല്ലാത്ത കുറ്റങ്ങൾ മൂലം നിയമപ്രശ്നങ്ങൾ നേരിടേണ്ടി വരുകയും അതോടൊപ്പം കടുത്ത സാമ്പത്തിക വൈഷമ്യം അനുഭവിക്കുകയും ചെയ്യുന്ന പ്രവാസി മലയാളികളായിരിക്കണം.<br>3)ഒരു വർഷമെങ്കിലും വിദേശത്ത് തൊഴിലിനായി കഴിഞ്ഞിട്ടുണ്ടായിരിക്കണം. |
| 8 | നോർക്ക ബിസിനസ്. ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി) | നിലവിൽ പ്രവാസികളായിരിക്കുന്നവർക്കും മടങ്ങി വന്നവർക്കും | നിലവിൽ പ്രവാസികളായിരിക്കുന്നവർക്കും മടങ്ങി വന്നവർക്കും അപേക്ഷിക്കാവുന്നതാണ്. |
| 9 | ജോബ് പോർട്ടൽ & റിക്രൂട്ട്മെന്റ് | വിദേശ ജോലി ആഗ്രഹിക്കുന്നവർക്ക് | അതത് ജോലികൾക്ക് അനുസൃതമായ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. |
| 10 | എമർജൻസി റിപാട്രിയേഷൻ ഫണ്ട്. | വിദേശത്ത്/അന്യ സംസ്ഥാനത്ത് മരണപ്പെടുന്ന/അപകടങ്ങളിൽപ്പെട്ട വർക്ക് | വിദേശരാജ്യങ്ങളിൽ മരണപ്പെടുന്ന പ്രവാസികളുടെ ഭൗതികശരീരം എംബസ്സിയോ മറ്റ് അസോസിയേഷനുകളോ സ്പോൺസറോ സഹായിക്കുവാൻ ഇല്ലാത്ത സാഹചര്യത്തിലുള്ളവരായിരിക്കണം |
| 11 | പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം | പ്രവാസജീവിതം കഴിഞ്ഞ് തിരികെ എത്തിയവർക്ക് | • അപേക്ഷ തീയതിയിൽ സംഘത്തിൽ കുറഞ്ഞത് 50 അംഗങ്ങളെങ്കിലും ഉണ്ടായിരിക്കുകയും രജിസ്ട്രേഷനുശേഷം |

| | | | |
|---|---|---|---|
| | | | കുറഞ്ഞത് 2 വർഷം പൂർത്തിയായിരിക്കുകയും വേണം.<br>• എ,ബി, ക്ലാസ്സ്/അംഗങ്ങൾ പ്രവാസികൾ /തിരിച്ചുവന്നവർ ആയിരിക്കണം<br>• ബൈലയിൽ സർക്കാർ ധനസഹായം സ്വീകരിക്കുന്നതിന് വ്യവസ്ഥ ഉണ്ടായിരിക്കണം.<br>• സംഘത്തിന്റെ മുൻ സാമ്പത്തിക വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ഹാജരാക്കണം |
| 12 | നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് | പ്രവാസി മലയാളികളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ കുട്ടികൾക്ക് | 1)ഇ.സി.ആർ കാറ്റഗറിയിൽ പ്പെട്ടവരായിരിക്കണം<br>2)തിരികെയെത്തിയ പ്രവാസികളിൽ ഒരു ലക്ഷം രൂപയിൽ കുറഞ്ഞ വാർഷിക വരുമാനമെ പാടുള്ളൂ.<br>3)പ്ലസ് ടു-വിന് 75 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടിയിരിക്കണം<br>4)വിദേശത്ത് ജോലി ചെയ്യുന്നവർക്ക് നോർക്ക റൂട്ട്സിന്റെ ഇൻഷ്വറൻസ് കാർഡോ ക്ഷേമനിധി ബോർഡ് അംഗത്വകാർഡോ നേടിയവരായിരിക്കണം. കേരളത്തിലെ സർവ്വകലാശാലകളിൽ റഗുലർ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് മാത്രമെ സ്കോളർഷിപ്പിന് അർഹതയുള്ളൂ. |
| 13 | സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ | വിദേശത്ത് ജോലിക്ക് / പഠനത്തിന് ശ്രമിക്കുന്ന കേരളത്തിൽ പഠിച്ച് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയിട്ടുള്ളവർക്ക് | കേരളത്തിൽ പഠിച്ചവരായിരിക്കണം. |
| 14 | നോർക്ക റൂട്ട്സ് പ്രവാസി തിരിച്ചറിയൽ കാർഡ് | വിദേശത്ത് 6 മാസത്തിൽ കൂടുതൽ രേഖാമൂലം ജോലി ചെയ്യുകയോ താമസിക്കുകയോ ചെയ്യുന്ന 18 | പാസ്പോർട്ടിന്റെ കോപ്പി, വിസാപേജ്, ഫോട്ടോയും 315 രൂപയും ഓൺലൈൻ |

| | | | |
|---|---|---|---|
| | | വയസ്സിന് മുകളിലുള്ളവർക്ക് 3 വർഷത്തെ കാലാവധിയുള്ള നോർക്ക റൂട്ട്സ് പ്രവാസി തിരിച്ചറിയൽ കാർഡ് നൽകുന്നുണ്ട്. | സംവിധാനത്തിലൂടെ അടയ്ക്കുന്ന പ്രവാസികൾക്ക് ആണ് കാർഡ് ലഭിക്കുക |
| 15 | നോർക്ക ഫെയർ | ഇന്ത്യയിൽനിന്നും വിദേശത്തേയ്ക്കും തിരിച്ചും ഒമാൻ എയർ വിമാനങ്ങളിൽ യാത്രചെയ്യുന്ന നോർക്ക റൂട്ട്സിന്റെ തിരിച്ചറിയൽ കാർഡ് ഉള്ള പ്രവാസികൾക്ക് | നോർക്ക റൂട്ട്സിന്റെ പ്രവാസി ഇൻഷ്വറൻസ് കാർഡ് എടുത്തിട്ടുള്ളവരായിരിക്കണം |

## (2) കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് :-

**(1)പെൻഷൻ**

- 60 വയസ്സ് പൂർത്തിയായതും, 5 വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളതുമായ ഓരോ അംഗത്തിനും കാറ്റഗറി വ്യത്യാസമില്ലാതെ പ്രതിമാസം 2000/- രൂപ മിനിമം പെൻഷൻ നൽകി വരുന്നു. പരമാവധി പെൻഷൻ 4000/- രൂപയാണ്.
- 5 വർഷത്തിൽ കൂടുതൽ കാലം തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക്, അവർ പൂർത്തിയാക്കിയ ഓരോ അംഗത്വ വർഷത്തിനും മിനിമം പെൻഷൻ തുകയുടെ മൂന്ന് ശതമാനത്തിന് തുല്യമായ തുക കൂടി പ്രതിമാസം അധിക പെൻഷനായി ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ മൊത്തം പെൻഷൻ തുക മിനിമം പെൻഷൻ തുകയുടെ ഇരട്ടിയിൽ കൂടുവാൻ പാടുള്ളതല്ല.

**(2)കുടുംബ പെൻഷൻ** - ഒരു അംഗം പെൻഷന് അർഹത നേടിയതിന് ശേഷം മരണമടയുന്ന പക്ഷം അർഹതപ്പെട്ട പ്രതിമാസ പ്രായാധിക്യ പെൻഷൻ തുകയുടെ അൻപതു ശതമാനം അയാളുടെ നിയമാനുസൃത അവകാശിക്ക് പ്രതിമാസം കുടുംബ പെൻഷനായി ലഭിക്കുന്നതാണ്.

**(3)അവശതാ പെൻഷൻ** - പ്രവാസി ക്ഷേമ നിധിയിൽ മൂന്ന് വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളതും തൊഴിൽ ചെയ്യുന്നതിന് സ്ഥായിയായ ശാരീരിക അവശതമൂലം പ്രാപ്തിക്കുറവ് അനുഭവിക്കുന്നതുമായ അംഗങ്ങൾക്ക് മിനിമം പെൻഷൻ തുകയുടെ 40% ന് തുല്യമായ തുക പ്രതിമാസ അവശതാ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

**(4)മരണാനന്തര ധനസഹായം** - പ്രവാസി ക്ഷേമനിധിയിൽ, അംഗമായിരിക്കെ അസുഖം മൂലമോ അപകടം മൂലമോ, മരണമടയുന്ന പ്രവാസി കേരളീയരായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് അൻപതിനായിരം രൂപയും, വിദേശത്ത് നിന്നും തിരിച്ചുവന്ന പ്രവാസി കേരളീയനായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് മുപ്പതിനായിരം രൂപയും, പ്രവാസി കേരളീയനായ (ഭാരതം) അംഗത്തിന്റെ ആശ്രിതർക്ക് ഇരുപത്തയ്യായിരം രൂപയും ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

**(5)ചികിത്സാ ധനസഹായം** - ഗുരുതരമായ രോഗം ബാധിച്ച അംഗങ്ങളുടെ ചികിത്സക്കായി ഒരംഗത്തിന് കാറ്റഗറി വ്യത്യാസമില്ലാതെ അംഗത്വകാലയളവിൽ അൻപതിനായിരം രൂപ വരെ ചികിത്സ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

**(6)വിവാഹ ധനസഹായം** - കുറഞ്ഞത് മൂന്ന് വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചുവരുന്ന അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയും വനിതാ അംഗങ്ങളുടെയും വിവാഹ ചെലവിനായി 10,000/- രൂപ ഒരംഗത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

**(7) പ്രസവാനുകൂല്യം** - തുടർച്ചയായി രണ്ടുവർഷക്കാലം അംശദായം അടച്ചിട്ടുള്ള ഒരു വനിതാ അംഗത്തിന് പ്രസവാനുകൂല്യമായി 3,000/- രൂപയും ഗർഭം അലസൽ സംഭവിച്ചവർക്ക് 2,000/- രൂപയും ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ ഒരംഗത്തിന് രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

**(8) വിദ്യാഭ്യാസ ആനുകൂല്യം** - രണ്ട് വർഷമെങ്കിലും നിധിയിൽ തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങളുടെ മക്കൾക്ക് നിബന്ധനകൾക്ക് വിധേയമായി പരമാവധി 4,000/- രൂപ വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

**(9)പ്രവാസി ഡിവിഡന്റ് പദ്ധതി** - പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസന പ്രവർത്തനത്തിനായി ഉപയോഗപ്പെടുത്തുന്നതിനായും ഉള്ള ദീർഘകാല നിക്ഷേപ പദ്ധതിയാണ് പ്രവാസി ഡിവിഡന്റ് പദ്ധതി. നിക്ഷേപ സുരക്ഷയോടൊപ്പം പ്രവാസികൾക്കും അവരുടെ ജീവിത പങ്കാളികൾക്കും ഈ പദ്ധതിയിലൂടെ അവരുടെ ജീവിതാവസാനം വരെ സുസ്ഥിരമായ മാസവരുമാനം ഉറപ്പാക്കുന്നു. 3 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾ പ്രവാസി കേരളീയരിൽ നിന്നും സ്വീകരിക്കുകയും അത് സർക്കാർ നിശ്ചയിക്കുന്ന ഏജൻസികൾക്ക് കൈമാറി അടിസ്ഥാന സൗകര്യവികസന ത്തിനായി വിനിയോഗിക്കുന്നതുമാണ്. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് നിക്ഷേപങ്ങൾ സ്വീകരിച്ച് ഇതിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള ഏജൻസിയായ കിഫ്ബിയ്ക്ക് കൈമാറും. കൈമാറ്റം ചെയ്യപ്പെടുന്ന തുകയ്ക്ക് കിഫ്ബി നൽകുന്ന തുകയും സർക്കാർ വിഹിതവും ചേർത്തുകൊണ്ടാണ് നിലവിൽ നിക്ഷേപകർക്ക് ഉറപ്പാക്കപ്പെട്ട 10% ഡിവിഡന്റ് നൽകുന്നത് . ആദ്യ മൂന്ന് വർഷങ്ങളിലെ 10% നിരക്കിലുള്ള ഡിവിഡന്റ് നിക്ഷേപതുകയോടൊപ്പം ചേർക്കും . ഈ തുകയുടെ 10% നിരക്കിലുള്ള ഡിവിഡന്റാണ് 4-ാം വർഷം മുതൽ നിക്ഷേപകനും അദ്ദേഹത്തിന്റെ കാലശേഷം ജീവിത പങ്കാളിക്കും പ്രതിമാസമായി ലഭിക്കുന്നത്. ജീവിത പങ്കാളിയുടെ കാലശേഷം ആദ്യ 3 വർഷത്തെ ഡിവിഡന്റ് ഉൾപ്പെടെയുള്ള നിക്ഷേപ തുക നോമിനി / അനന്തരാവകാശിക്കു കൈമാറുന്നതോടെ പ്രതിമാസം ഡിവിഡന്റ് നൽകുന്നത് അവസാനിക്കും.

സെക്ഷൻ ഓഫീസർ

# അനുബന്ധം - 3

1. സാന്ത്വന - കളക്ടേറ്റുകളിൽ പ്രവർത്തിക്കുന്ന നോർക്ക സെല്ലുകൾ വഴിയും ജില്ലാ ഓഫീസുകൾ വഴിയും അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.
2. പ്രവാസി പുനരധിവാസ പദ്ധതി (NDPREM) - അക്ഷയകേന്ദ്രങ്ങൾ മുഖാന്തിരം ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.
3. നൈപുണ്യ പരിശീലന പദ്ധതി - കേരളത്തിനകത്തെ എല്ലാ ജില്ലകളിലും തെരഞ്ഞെടുക്കുന്ന സർക്കാർ/സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ മുഖാന്തിരം ക്ലാസുകൾ നൽകുന്നു.
4. നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ് - അവശ്യ സാഹചര്യങ്ങളിൽ ഗ്ലോബൽ കോൺടാക്ക് സെന്ററുമായി ബന്ധപ്പെടാവുന്നതാണ്. (0091-8802012345/18004253939)
5. പ്രവാസി ലീഗൽ അസിസ്റ്റന്റ് പദ്ധതി - നിയമസഹായം ആവശ്യമുള്ള പക്ഷം നോർക്ക റൂട്ട്സിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.norkaroots.org-ൽ ലഭ്യമാകുന്ന അപേക്ഷാ ഫോറം പൂരിപ്പിച്ച് അതിൽ ആവശ്യപ്പെട്ടിരിക്കുന്ന രേഖകളുമായി സമർപ്പിക്കാവുന്നതാണ്.
6. നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി) - ഇത് സംബന്ധമായ സേവനങ്ങൾ ലഭ്യമാക്കാനായി ഇ-മെയിൽ മുഖാന്തിരമോ ഫോൺ മുഖാന്തിരമോ നോർക്ക-റൂട്ട്സിന്റെ ഹെഡ് ഓഫീസിൽ പ്രവർത്തിക്കുന്ന നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്ററുമായി ബന്ധപ്പെടാവുന്നതാണ്.
7. ജോബ് പോർട്ടൽ & റിക്രൂട്ട്മെന്റ് - നോർക്ക-റൂട്ട്സിന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കാവുന്നതാണ്.
8. എമർജൻസി റിപാട്രിയേഷൻ ഫണ്ട് - നോർക്ക-റൂട്ട്സ് ഓഫീസുകളുമായി ബന്ധപ്പെട്ട് അപേക്ഷിക്കാവുന്നതാണ്.
9. സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ - നോർക്ക-റൂട്ട്സിന്റെ വെബ്സൈറ്റിലൂടെ ഓൺലൈൻ രജിസ്ട്രേഷൻ നടത്താവുന്നതാണ്.
10. നോർക്ക-റൂട്ട്സ് പ്രവാസി തിരിച്ചറിയൽ കാർഡ് - ഓൺലൈൻ മുഖാന്തിരം അപേക്ഷ സമർപ്പിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ

# അനുബന്ധം - 4

**ഡി)** തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖലാ ഓഫീസുകൾ ഉൾപ്പെടെ 14 ജില്ലകളിലും നോർക്ക-റൂട്ട്സിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ടി ഓഫീസുകളുടെ സ്റ്റാഫടക്കമുള്ള സംവിധാനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | ജീവനക്കാരുടെ വിവരങ്ങൾ |
|---|---|---|
| 1 | തിരുവനന്തപുരം മേഖലാ അറ്റസ്റ്റേഷൻ സെന്റർ | സ്ഥിരം/ഡെപ്യൂട്ടേഷൻ/കരാർ/ദിവസവേതനം എന്നീ ജീവനക്കാർ മുഖേന ഓഫീസ് പ്രവർത്തനം നടത്തിവരുന്നു. |
| 2 | കൊല്ലം | താൽക്കാലികമായി നിയമിച്ച അസിസ്റ്റന്റ്, ഓഫീസ് കൊല്ലം കളക്ടറേറ്റിൽ പ്രവർത്തിച്ചുവരുന്നു. |
| 3 | ആലപ്പുഴ | നോർക്കയുടെ സ്ഥിരം സ്റ്റാഫ്. ഓഫീസ് ആലപ്പുഴ കളക്ടറേറ്റിൽ പ്രവർത്തിച്ചുവരുന്നു |
| 4 | പത്തനംതിട്ട | താൽക്കാലികമായി നിയമിച്ച അസിസ്റ്റന്റ്, ഓഫീസ് പത്തനംതിട്ട കളക്ടറേറ്റിൽ പ്രവർത്തിച്ചുവരുന്നു. |
| 5 | കോട്ടയം | താൽക്കാലികമായി നിയമിച്ച അസിസ്റ്റന്റ്, ഓഫീസ് കോട്ടയം കളക്ടറേറ്റിൽ പ്രവർത്തിച്ചുവരുന്നു. |
| 6 | ഇടുക്കി | താൽക്കാലികമായി നിയമിച്ച അസിസ്റ്റന്റ്, ഓഫീസ് ഇടുക്കി കളക്ടറേറ്റിൽ പ്രവർത്തിച്ചുവരുന്നു. |
| 7 | എറണാകുളം മേഖലാ അറ്റസ്റ്റേഷൻ സെന്റർ | സ്ഥിരം/ഡെപ്യൂട്ടേഷൻ/കരാർ/ദിവസവേതനം എന്നീ ജീവനക്കാർ മുഖേന ഓഫീസ് പ്രവർത്തനം നടത്തിവരുന്നു. |
| 8 | തൃശ്ശൂർ | നോർക്കയുടെ സ്ഥിരം സ്റ്റാഫ്, ഓഫീസ് കളക്ടറേറ്റിൽ പ്രവർത്തിച്ചുവരുന്നു |
| 9 | പാലക്കാട് | താൽക്കാലികമായി നിയമിച്ച അസിസ്റ്റന്റ്, ഓഫീസ് പാലക്കാട് കളക്ടറേറ്റിൽ പ്രവർത്തിച്ചുവരുന്നു. |
| 10 | മലപ്പുറം | താൽക്കാലികമായി നിയമിച്ച അസിസ്റ്റന്റ്, ഓഫീസ് മലപ്പുറം കളക്ടറേറ്റിൽ പ്രവർത്തിച്ചുവരുന്നു. |
| 11 | വയനാട് | ദിവസ വേതനാടിസ്ഥാനത്തിലുള്ള സ്റ്റാഫ്. ഓഫീസ് വയനാട് കളക്ടറേറ്റിൽ പ്രവർത്തിച്ചുവരുന്നു |
| 12 | കോഴിക്കോട് മേഖലാ അറ്റസ്റ്റേഷൻ സെന്റർ | സ്ഥിരം/ഡെപ്യൂട്ടേഷൻ/കരാർ/ദിവസവേതനം എന്നീ ജീവനക്കാർ മുഖേന ഓഫീസ് പ്രവർത്തനം നടത്തിവരുന്നു. |
| 13 | കണ്ണൂർ | നോർക്കയുടെ സ്ഥിരം സ്റ്റാഫ്, ഓഫീസ് കണ്ണൂർ കളക്ടറേറ്റിൽ പ്രവർത്തിച്ചുവരുന്നു. |

| | | |
|---|---|---|
| 14 | കാസർഗോഡ് | താൽക്കാലികമായി നിയമിച്ച അസിസ്റ്റന്റ്, ഓഫീസ് കാസർഗോഡ് കളക്ടറേറ്റിൽ പ്രവർത്തിച്ചുവരുന്നു. |

പ്രസ്തുത ജില്ലാ കേന്ദ്രങ്ങളിൽ NDPREM, സാന്ത്വന മുതലായ സ്കീമുകൾക്കുള്ള അപേക്ഷകൾ സ്വീകരിക്കുകയും തെളിവെടുപ്പ് നടത്തുകയും ചെയ്യുന്നുണ്ട്. നോർക്കയുടെ സേവനങ്ങളുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ജില്ലാ കേന്ദ്രങ്ങളിൽ ലഭ്യമാണ്. മേഖലാ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ കേന്ദ്രങ്ങളിൽ വിദേശ ജോലിക്കാവശ്യമായ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ ഉൾപ്പെടെയുള്ള നോർക്കയുടെ എല്ലാ സേവനങ്ങളും ലഭ്യമാണ്.

സെക്ഷൻ ഓഫീസർ